## തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ മജിസ്ട്രേറ്റുംകൂടിയായ ജില്ലാ കളക്ടറുടെ നടപടിക്രമം

*(സാന്നിദ്ധ്യം - എസ് ഷാനവാസ് IAS)*

വിഷയം : ദുരന്തനിവാരണനിയമം 2005 – കൊവിഡ് 19 - ലോക്കഡൗൺ – തൃശ്ശൂർ ജില്ലയിൽ അധികനിയന്ത്രണം ഏർപ്പെടുത്തി ഉത്തരവാകുന്നു

പരാമർശം : 01: സംസ്ഥാന ദുരന്ത നിവാണ വകുപ്പ് (എ) യുടെ 26.04.2021 തീയതിയിലെ ജി ഒ ആർ ടി 383/2021/DMD നമ്പർ ഉത്തരവ്.

02: സംസ്ഥാന ദുരന്ത നിവാണ വകുപ്പ് (എ) യുടെ 06.05.2021 തീയതിയിലെ ജി ഒ ആർ ടി 404/2021/DMD നമ്പർ ഉത്തരവ്.

03: സംസ്ഥാന ദുരന്ത നിവാരണവകുപ്പ് (എ)യുടെ 14.05.2021 തീയതിയിലെ ജി ഒ ആർ ടി416/2021/DMD നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ - DCTSR/ H4/ 14476/ 2019 തീയതിഃ 16.05.2021**

കേരളസംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും തൃശ്ശൂർ ജില്ലയിൽ 80 ശതമാനത്തിലധികം ഗ്രാമപഞ്ചായത്തുകളും നഗരസഭ ഡിവിഷനുകളും കോർപ്പറേഷൻ ഡിവിഷനുകളും കണ്ടെയിൻമെൻറ് സോണായി പ്രഖ്യാപിച്ച സാഹചര്യത്തിലും ജില്ലയിൽ കോവിഡ് 19 മഹാമാരിയുടെ വ്യാപനതീവ്രത കുറയാതെ നിൽക്കുന്ന സാഹചര്യത്തിലും മൂന്നാം പരാമർശപ്രകാരം ജില്ലയിൽ പ്രത്യേക തീവ്ര കർശന നിയന്ത്രണങ്ങൾ നടപ്പിൽവരുത്തുവാൻ ഉത്തരവായിട്ടുള്ള സാഹചര്യത്തിലും എസ് ഷാനവാസ് ഐഎഎസ് എന്ന ഞാൻ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് 2005 ലെ ദുരന്ത നിവാരണ നിയമപ്രകാരം തൃശ്ശൂർ ജില്ലയിൽ താഴെ പറയുന്ന പ്രത്യേക അധികനിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

01 : ജില്ലയിൽ മരണം, ചികിത്സ എന്നീ അടിയന്തര ആവശ്യങ്ങൾക്കല്ലാതെ ആളുകൾ പുറത്തിറങ്ങി നടക്കുവാൻ പാടുള്ളതല്ല.

02 : പൊതുസ്ഥലങ്ങളിൽ വ്യക്തികൾ തമ്മിൽ കുറഞ്ഞത് രണ്ട് മീറ്ററെങ്കിലും അകലം പാലിച്ചിരിക്കേണ്ടതാണ്.

03 : അനുവദനീയമായ സ്ഥാപനങ്ങളിൽതന്നെ ഒരേ സമയം മൂന്ന് ഉപഭോക്താക്കളിൽ കൂടുതൽപേരെ പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല.

04 : പ്ലാന്റേഷൻ, നിർമ്മാണമേഖലകളിൽ പ്രവർത്തിക്കുവാനായി അന്യസംസ്ഥാനങ്ങളിൽ നിന്നും യാതൊരുകാരണവശാലും തൊഴിലാളികളെ കൊണ്ടുവരുവാൻ പാടില്ല. നിലവിലുള്ള തൊഴിലാളികളെ അവിടെ തന്നെ തുടരുവാൻ അനുവദിക്കേണ്ടതാണ്. പുറത്തിറങ്ങി നടക്കുവാൻ പാടുള്ളതല്ല.

05 : വഴിയോരകച്ചവടങ്ങളും വീടുകൾതോറും കയറിയിറങ്ങി വിൽപ്പന നടത്തുന്നതും കർശനമായി നിരോധിച്ചിരിക്കുന്നു.

06 : ജില്ലയിൽ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി 05 പേരെവെച്ച് കോവിഡ് പ്രോട്ടോകോൾ പാലിച്ച് ശുചീകരണപ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

07 : ജില്ലയിൽ വിശ്വാസികൾക്കായി ആരാധനാലയങ്ങൾ തുറക്കാൻ പാടുള്ളതല്ല.

08 : ജില്ലയിൽ പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യുന്നത് കഴിവതും ആർ ആർ ടികൾ വഴി നടത്തേണ്ടതാണ്.

09 : ജില്ലയിലെ അതിർത്തിറോഡുകളും പ്രാദേശീക റോഡുകളും അടച്ചിടേണ്ടതാണ്. ജില്ലയ്ക്കകത്തുള്ള പ്രധാനറോഡുകളിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തണം. എന്നാൽ അടിയന്തര വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും അടിയന്തര ആവശ്യങ്ങൾക്കുമുള്ള സഞ്ചാരസൗകര്യവും ഉറപ്പാക്കണം.

10 : പത്രം, പാൽ, തപാൽ വിതരണം അനുവദനീയമാണ്.

11 : ഷെഡ്യൂൾഡ് ബാങ്കുകൾ ചൊവ്വ വെള്ളി ദിവസങ്ങളിലും സഹകരണ ബാങ്കുകൾ തിങ്കൾ വ്യാഴം ദിവസങ്ങളിലും മിനിമം ജീവനക്കാരെ മാത്രം നിയോഗിച്ചുകൊണ്ട് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 01 മണിവരെ പ്രവർത്തിക്കാവുന്നതാണ്.

12 പലചരക്കുകട, ബേക്കറി എന്നീവ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലും പഴം പച്ചക്കറി കടകൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലും രാവിലെ 08.00 മണി മുതൽ ഉച്ചയ്ക്ക് 01.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ വിതരണം ആർആർടികൾ, വാർഡ്തലകമ്മിറ്റി, ഹോംഡെലിവറി എന്നിവ വഴി നടത്തേണ്ടതാണ്.

13 : ശനിയാഴ്ച ദിവസങ്ങളിൽ മത്സ്യം, മാംസം, കോഴിക്കട കോൾഡ് സ്റ്റോറേജ് എന്നിവ രാവിലെ 07.00 മണി മുതൽ ഉച്ചയ്ക്ക് 01.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ വിതരണം ആർആർടികൾ, വാർഡ്തലകമ്മിറ്റി, ഹോംഡെലിവറി എന്നിവ വഴി നടത്തേണ്ടതാണ്.

14 : ഹോട്ടലുകളും മറ്റു ഭക്ഷ്യഭോജന കടകളും രാവിലെ 08.00 മണി മുതൽ വൈകീട്ട് 07.00 മണിവരെ പാർസൽ മാത്രം കൊടുക്കുന്നതിന് അനുവദനീയമാണ്. എന്നാൽ വിതരണം ആർആർടികൾ, വാർഡ്തലകമ്മിറ്റി, ഹോംഡെലിവറി എന്നിവ വഴി നടത്തേണ്ടതാണ്.

15 : ജില്ലയിൽ റേഷൻകട, പൊതുവിതരണ കേന്ദ്രം, സഹകരണ സംഘം സ്റ്റോറുകൾ, പാൽസൊസൈറ്റികൾ എന്നിവ രാവിലെ 08.00 മുതൽ ഉച്ചതിരിഞ്ഞ് 05.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ വിതരണം ആർആർടികൾ, വാർഡ്തലകമ്മിറ്റി, ഹോംഡെലിവറി എന്നിവ വഴി നടത്തേണ്ടതാണ്.

16 : ആശുപത്രികൾ, രോഗിചികിത്സയ്ക്കായുള്ള ക്ലീനിക്കുകൾ, ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ എന്നിവ അനുവദനീയമാണ്. എന്നാൽ ദന്ത സംരക്ഷണത്തിനായുള്ള ഡന്റൽ ക്ലീനിക്കുകൾ പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ല. മെഡിക്കൽ സ്റ്റോറുകൾക്ക് പ്രവർത്തിക്കാവുന്നതാണ്.

17 : വിവാഹാഘോഷങ്ങളും മറ്റു ആഘോഷങ്ങളും മാറ്റിവെയ്ക്കേണ്ടതാണ്. എന്നാൽ അടിയന്തരമായ സാഹചര്യങ്ങളിൽ വധൂവരന്മാരും മാതാപിതാക്കളും അടക്കം പരമാവധി 20 പേരെ പങ്കെടുപ്പിച്ച വിവാഹം ചടങ്ങുമാത്രമായി നടത്താവുന്നതാണ്.

18 : വീടുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണപ്രവർത്തനങ്ങൾ അനുവദനീയമല്ല. എന്നാൽ റോഡുകൾ, പാലങ്ങൾ കുളങ്ങൾ, തോടുകൾ, റെയിൽവേ എന്നീ പൊതുഇടങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾ മിനിമം ജീവനക്കാരെവെച്ച് നടത്താവുന്നതാണ്.

മേൽ പ്രസ്താവിച്ച നിയന്ത്രണങ്ങൾ ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട പോലീസ് അധികാരികളെയും തദ്ദേശസ്വംയംഭരണസ്ഥാപന അധികൃതരെയും സെക്ടറൽ മജിസ്ട്രേറ്റുമാരെയും വില്ലേജ്/ താലൂക്ക്തല ഇൻസിഡന്റൽ കമാൻഡർമാരെയും ചുമതലപ്പെടുത്തുന്നു.

ഉത്തരവ് ലംഘിക്കുന്നവർക്കെതിരെയും ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നവർക്കെതിരെയും ബന്ധപ്പെട്ട നിയമങ്ങൾക്കു പുറമേ ദുരന്തനിവാരണനിയമം 2005 ലെ അധ്യായം X പ്രകാരമുള്ള ശിക്ഷാനടപടികൾ കൂടി സ്വീകരിക്കുന്നതായിരിക്കും.

***(2021 മെയ് മാസം 16-ാം തിയതി എന്റെ കൈയ്യൊപ്പോടു കൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു)***

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ്,

1. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി)
2. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (റൂറൽ)
3. സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
4. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്
5. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൃശ്ശൂർ (ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിരമായി വിവരം അറിയിക്കുന്നതിന്)
6. ജില്ലയിലെ എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും
7. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
8. ജില്ലാ സപ്ലൈ ആഫീസർ, തൃശ്ശൂർ (മറ്റു അനന്തര നടപടികൾക്കായി)

പകർപ്പ് :

1. ജില്ലയിലെ എല്ലാ ബഹു. എം എൽ എ മാർക്കും.
2. പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന റവന്യൂ ദുരന്ത നിവാരണ വകുപ്പ്, തിരുവനന്തപുരം
   ആമുഖ കത്ത് സഹിതം
3. പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്, സെക്രട്ടേറിയറ്റ് തിരുവനന്തപുരം ആമുഖ കത്ത് സഹിതം
4. കമ്മീഷണർ, ദുരന്തനിവാരണം, തിരുവനന്തപുരം
5. മെമ്പർ സെക്രട്ടറി, കെ എസ് ഡി എം എ തിരുവനന്തപുരം
6. മേയർ, തൃശ്ശൂർ കോർപ്പറേഷൻ

7. പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ.
8. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, തൃശ്ശൂർ
9. റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ
10. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട
11. ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ്, തൃശ്ശൂർ
12. ഡെപ്യൂട്ടി കളക്ടർ (ഡി എം), തൃശ്ശൂർ
13. ജില്ലയിലെ എല്ലാ ഡെപ്യൂട്ടി കളക്ടർമാർക്കും
14. ജില്ലയിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും
15. ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾക്ക്
16. ജില്ലാ ലേബർ ഓഫീസർ, തൃശ്ശൂർ
17. വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ
18. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ - ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ ആവശ്യമായ പ്രചരണത്തിനായി
19. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, NIC, തൃശ്ശൂർ - ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി
20. ലീഡ് ബാങ്ക് മാനേജർ, തൃശ്ശൂർ
21. ജോയിന്റ് രജിസ്ട്രാർ (സഹകരണ സംഘം), തൃശ്ശൂർ
22. ജില്ലാ കളക്ടറുടെ സി എ / കരുതൽ ഫയൽ - എച്ച് 4/ കെ 1